compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 ജൂലൈ 07
Tuesday, 07th July 2026

1201 മിഥുനം 23
23rd Mithunam 1201

1948 ആഷാഢം 16
16th Ashadha 1948

വാല്യം 15
Vol. XV

നമ്പർ / **No.** 27

Part III

Registration Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

തെങ്ങണ സബ് രജിസ്ട്രാർ ആഫീസിൽ നിന്ന് പരസ്യം ചെയ്യപ്പെടുന്നത്

2025 സെപ്റ്റംബർ 22.

കേരള സംസ്ഥാനത്ത് കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരി താലൂക്കിൽ പായിപ്പാട് വില്ലേജിൽ നാല്കോടി കരയിൽ കൊല്ലാപുരം വീട്ടിൽ വർക്കി മാത്യു മകൻ കെ. എം. ജോസഫ് (also known as മാത്യു ജോസഫ് & ബേബിച്ചൻ) 85 വയസ് എഴുതി വെച്ചതായി അവകാശപ്പെടുന്ന ഒരു വിൽപ്പത്രം രജിസ്റ്റർ ചെയ്തു കിട്ടുന്നതിന് വേണ്ടി ടി വിൽപ്പത്രത്താൽ അധികാരം സിദ്ധിച്ച ടി വില്ലേജിൽ നാല്കോടി കരയിൽ കൊല്ലാപുരം വീട്ടിൽ കെ. എം. ജോസഫ് മകൻ ശ്രീ. ജിം ജോ ഈ ഓഫീസിൽ ഹാജരാകുകയുണ്ടായി. ടി വിൽപ്പത്രത്തോടൊപ്പം വിൽപ്പത്ര കർത്താവായ ശ്രീ. കെ. എം. ജോസഫ് എന്നയാളുടെ, മരണപ്പെട്ടുപോയി എന്ന് തെളിയിക്കുന്നതിനുള്ള മരണ സർട്ടിഫിക്കറ്റും ഹാജരാക്കുകയുണ്ടായി. ടി വിൽപ്പത്രം ഈ ഓഫീസിൽ മൂന്നാം പുസ്തകം P1/3/2025 എന്ന നമ്പരായി സ്വീകരിച്ചിട്ടുണ്ട്. ടി വിൽപ്പത്രത്തെ സംബന്ധിച്ച് ആദ്യവിചാരണ 2026-ാ മാണ്ട് ഫെബ്രുവരി മാസം 20-ന് പകൽ 3.30 മണിക്ക് തെങ്ങണ സബ് രജിസ്ട്രാർ ഓഫീസിൽ വച്ച് നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്നത് ആകുന്നു. ആകയാൽ ടി വിൽപ്പത്രം രജിസ്റ്റർ ചെയ്തു കൊടുക്കുന്നത് സംബന്ധിച്ച് ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപമോ തർക്കമോ ഉള്ളപക്ഷം വിചാരണ ദിവസം നേരിട്ടോ നിയമപ്രകാരം അധികാരപ്പെടുത്തിയ വക്കീൽ മുഖാന്തിരമോ ഹാജരായി രേഖാമൂലം ബോധിപ്പിച്ചുകൊള്ളേണ്ടതും അതിനുശേഷം വരുന്ന ആക്ഷേപങ്ങളോ തർക്കങ്ങളോ ഗൗനിക്കുന്നതല്ലാത്തതുമാകുന്നു.

(ഒപ്പ്)
സബ് രജിസ്ട്രാർ.

തെങ്ങണ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിജ്ഞാപനം

കോട്ടയം ജില്ലാ രജിസ്ട്രാർ (ജനറൽ)-ന്റെ കാര്യാലയത്തിൽ നിന്ന് പരസ്യപ്പെടുത്തുന്നത്

ക്രിസ്ത്യൻ ഫെലോഷിപ്പ് വെച്ചൂർ കെ. 71/1998 എന്ന സംഘത്തിന്റെ 29-3-2026 തീയതിയിലെ പൊതുയോഗ തീരുമാനപ്രകാരം സംഘം പ്രവർത്തനം അവസാനിപ്പിക്കാൻ അനുമതിക്കായി അപേക്ഷിച്ചിരിക്കുന്നു.

2026-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ചട്ടങ്ങൾ 16-ലെ സംഘടന പിരിച്ചുവിടലിന്റെ നടപടിക്രമം പാലിച്ചുകൊണ്ട് സംഘത്തിന്റെ ആസ്തികൾ ഏലൂർ ഷോലാം മിനിസ്ട്രീസ് ട്രസ്റ്റ് എന്ന സംഘടനയ്ക്ക് കൈമാറിയതായും അറിയിച്ചിരിക്കുന്നു. സംഘം പിരിച്ചുവിടുന്നതിനോ ആസ്തി കൈമാറ്റത്തിലോ ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ, നോട്ടീസ് പരസ്യപ്പെടുത്തിയ തീയതി മുതൽ 90 ദിവസത്തിനകം ഈ ഓഫീസിൽ പരാതി ബോധിപ്പിക്കേണ്ടതാണ് എന്നറിയിക്കുന്നു.

(ഒപ്പ്)

കോട്ടയം. ജില്ലാ രജിസ്ട്രാർ (ജനറൽ).

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.07.07 04:58:49 +05:30